**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. **4701** — **28.06.2013**-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം.</u>

| <u>**ചോദ്യം**</u> | <u>**ഉത്തരം**</u> |
|---|---|
| ശ്രീ.എം.എം.ബേബി<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻനായർ<br>ശ്രീ.പുരുഷൻ കടലുണ്ടി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ ആധികാരമേറ്റതിനു ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സാമൂഹ്യമേഖലയിൽ നടത്തിയിട്ടുള്ള ചെലവ് ആകെ ചെലവിന്റെ അനുപാതത്തിൽ പരിശോധിച്ചാൽ മുൻവർഷത്തെക്കാൾ വളരെയധികം കുറഞ്ഞിരിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) ആരോഗ്യം, പോഷകാഹാരം, വിദ്യാഭ്യാസം എന്നീ സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്തിയ പരിഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ; | ബി) ജി.ഒ.(എം.എസ്.) നം. 225/12/ത.സ്വ.ഭ.വ. തീയതി 18.08.2012-ൽ മുന്തിയ പരിഗണന നൽകേണ്ട വിഷയങ്ങളിൽ ചുവടെ ചേർക്കും പ്രകാരം പദ്ധതി ആസൂത്രണ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br><br>1. ആരോഗ്യം – ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, മരുന്നുകൾ മുടക്കം കൂടാതെ ലഭ്യമാക്കൽ, പാലിയേറ്റീവ് കെയർ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ. |

2. പോഷകാഹാരം - സാമൂഹ്യക്ഷേമ വകുപ്പിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി അംഗൻവാടികളിലൂടെയുള്ള പോഷാകാഹാര വിതരണം, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഭക്ഷണ വിതരണം, ആശ്രയ പദ്ധതി പ്രകാരം അഗതികൾക്കുള്ള ഭക്ഷണ വിതരണം, നിർധന രോഗികൾക്ക് കുടുംബശ്രീ വഴി ഭക്ഷണ വിതരണം, ബഡ്സ് സ്കൂളിലെ കുട്ടികൾക്ക് കുടുംബശ്രീ വഴി ഭക്ഷണ വിതരണം.
3. വിദ്യാഭ്യാസം - സ്കൂളുകളിലെ അടിസ്ഥാന സൗകര്യം, സർക്കാർ നിശ്ചയിക്കുന്ന പ്രകാരം എസ്.എസ്.എ. വിഹിതം, വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ, സ്കൂൾ ഉച്ചഭക്ഷണ പരിപാടിക്കുള്ള ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കൽ, സാക്ഷരതാ മിഷൻ വഴിയുള്ള തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ.

| | |
|---|---|
| സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി 2013-14 ൽ ഇപ്പോൾ തുടർന്നു വരുന്ന നയത്തിൽ ആവശ്യമായ മാറ്റം വരുത്താൻ തയ്യാറാകുമോ ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ ? | സി) 2013 ഡിസംബർ 31-ഓടെ പദ്ധതികൾ പൂർത്തിയാക്കാൻ സാധ്യമായ എല്ലാ നടപടികളും കൈക്കൊള്ളാൻ ബന്ധപ്പെട്ട എല്ലാപേർക്കും ഇതിനകം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ